JAGRATHA 102

Vol-3, N0:27
07-08 - 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാനവാർത്തകൾ

01. വിദ്യാഭ്യാസമേഖലയിൽ നിന്ന് സഭയ്ക്ക് പിന്തിരിയാനാവില്ല: മാർ ജോസഫ് പെരുന്തോട്ടം

02. വൈദികന്റെ കൊലപാതകം: കർശന നടപടി വേണം: ഡോ. സ്റ്റാൻലി റോമൻ

03. ഫാ. ജെയിംസ് മുകളേലിന്റെ കൊലപാതകം: കെസിബിസി ആശങ്ക രേഖപ്പെടുത്തി

04. വിമോചന സമരത്തിന്റെ സാഹചര്യം നിലനിൽക്കുന്നു: മാർ പവ്വത്തിൽ

05. വിശ്വാസജീവിതത്തിലധിഷ്ഠിതമാകണം യുവജനപ്രവർത്തനങ്ങൾ : മാർപുന്നക്കോട്ടിൽ

06. തൊഴിലാളി കൂട്ടായ്മ കാലഘട്ടത്തിന്റെ ആവശ്യം: ബിഷപ് മാർ പോൾ ചിറ്റിലപ്പിള്ളി

07. ശിഹാബ് തങ്ങൾ മതസൗഹാർദ സന്ദേശം പകർന്ന വ്യക്തി : കെസിബിസി ജാഗ്രതാസമിതി

## 01. വിദ്യാഭ്യാസമേഖലയിൽ നിന്ന് സഭയ്ക്ക് പിന്തിരിയാനാവില്ല: മാർ ജോസഫ് പെരുന്തോട്ടം

പുതിയ തലമുറയ്ക്ക് വിദ്യാഭ്യാസം നൽകുക എന്നത് സഭയുടെ അവകാശവും കടമയുമാണെന്നും മാറിമാറിവരുന്ന സർക്കാരുകളുടെ നയവ്യതിയാനങ്ങൾ പ്രതിസന്ധികൾ സൃഷ്ടിക്കുമ്പോൾ ഈ രംഗത്തുനിന്നും മടുത്തു പിൻമാറാൻ സഭയ്ക്കാവില്ലെന്നും ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. മുട്ടാർ സെന്റ് ജോർജ് ഹയർസെക്കൻഡറി സ്കൂളിൽ പുതുതായി നിർമിച്ച മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സ്കൂൾമാനേജർ ഫാ. ജോർജ് സ്രാമ്പിക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കൊടിക്കുന്നിൽ സുരേഷ് എംപി മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ വികാരി ജനറൽ മോൺ. ജോസഫ് നടുവിലേഴം, ബ്രഹ്മശ്രീ രാധാകൃഷ്ണൻ നമ്പൂതിരി, ആലപ്പുഴ ജില്ലാ പഞ്ചായത്തംഗം പി.വി രാമഭദ്രൻ, മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ കൃഷ്ണൻകുട്ടി, വെളിയനാട് ബ്ലോക്ക് പഞ്ചായത്തംഗം ജോസഫ് മാമ്മൻ, കുട്ടനാട് ഡി.ഇ.ഒ പി.എം റോസമ്മ, ഡി. ജോസഫ് എന്നിവർ സംസാരിച്ചു. സ്കൂൾ പ്രിൻസിപ്പൽ മാത്തുക്കുട്ടി ജോസഫ് സ്വാഗതവും ഹെഡ്മാസ്റ്റർ ജോയ് ജോസഫ് നന്ദിയും പറഞ്ഞു.

## 02. വൈദികന്റെ കൊലപാതകം :കർശന നടപടി വേണം : ഡോ. സ്റ്റാൻലി റോമൻ

ബൽത്തങ്ങാടി രൂപതയിലെ കുട്ടൂർപാടി സെന്റ് മേരിസ് പള്ളി വികാരിയും തലശേരി അതിരൂപതാ വൈദികനുമായ ഫാ. ജെയിംസ് മുകളേലിന്റെ കൊലപാതകത്തിൽ കെസിബിസി വിദ്യാഭ്യാസ-ഐക്യജാഗ്രതകമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ ദുഃഖവും ശക്തമായ പ്രതിഷേധവും രേഖപ്പെടുത്തി. ഫാ. ജെയിംസ് മുകളേലിന്റെ കൊലപാതകത്തിൽ ദുഃഖാർത്തരായിരിക്കുന്ന തലശേരി അതിരൂപതയോടും ബൽത്തങ്ങാടി രൂപതയിലെ കുട്ടൂർപാടി ഇടവകാംഗങ്ങളോടും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും ദുഃഖവും അനുശോചനവും അദ്ദേഹം അറിയിച്ചു.

## 03. ഫാ.ജെയിംസ് മുകളേലിന്റെ കൊലപാതകം: കെസിബിസി ആശങ്ക രേഖപ്പെടുത്തി

കർണാടകയിലെ തോട്ടത്താടിക്ക് സമീപം കുംതാടി ഗ്രാമത്തിൽ തലശേരി അതിരൂപതാംഗവും ബൽത്തങ്ങാടി രൂപതയിലെ കുട്ടൂർപാടി സെന്റ് മേരീസ് പള്ളി വികാരിയുമായ ഫാ. ജെയിംസ് മുകളേൽ അതിദാരുണമായി കൊലചെയ്യപ്പെട്ട സംഭവത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി)അതീവ ദുഃഖവും നടുക്കവും രേഖപ്പെടുത്തി. മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന ആസൂത്രിതമായ കൊലപാതകമാണ് നടന്നിരിക്കുന്നതെന്നാണ് പോലീസിന്റെ പ്രാഥമിക അന്വേഷണത്തിൽ മനസിലായിരിക്കുന്നത്. സമുദായങ്ങൾ തമ്മിൽ സഹവർത്തിത്വത്തോടും സ്നേഹത്തോടും കഴിയുന്ന പ്രദേശത്ത് സാമൂഹിക ഉന്നമനത്തിനായി പ്രവർത്തിച്ചിരുന്ന ക്രൈസ്തവ പുരോഹിതനെ ക്രൂരമായ രീതിയിൽ കൊലചെയ്തതു പ്രദേശത്ത് നിലനിൽക്കുന്ന സമാധാന അന്തരീക്ഷം തകർക്കപ്പെടാൻ കാരണമാകരുതെന്നും എല്ലാവരും സംയമനം പാലിക്കണമെന്നും കെസിബിസി അഭ്യർഥിച്ചു. കർണാടക സർക്കാർ സമഗ്രഅന്വേഷണം നടത്തണമെന്നും കുറ്റകൃത്യം ചെയ്തവർ ആരായാലും അവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരണമെന്നും കെസിബിസി ആവശ്യപ്പെട്ടു.ഫാ. ജെയിംസ് മുകളേലിന്റെ കുടുംബാംഗങ്ങളെയും ബൽത്തങ്ങാടി രൂപത വിശ്വാസി സമൂഹത്തെയും കേരള കത്തോലിക്കാസഭ ദുഃഖവും അനുശോചനവും അറിയിച്ചു.

## 04. വിമോചന സമരത്തിന്റെ സാഹചര്യം നിലനിൽക്കുന്നു: മാർ പവ്വത്തിൽ

വിമോചന സമരത്തിന്റെ സാഹചര്യം ഇന്നും നിലനിൽക്കുന്നുണ്ടെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. അഖില കേരളാ കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ മെത്രാപ്പോലീത്തൻ പാരിഷ് ഹാളിൽ നടന്ന വിമോചനസമര സുവർണജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്. വിമോചനസമരമെന്നു കേൾക്കുമ്പോൾ ചിലർക്ക് വിഭ്രാന്തിയാണ്. എന്നാൽ, ആരും രണ്ടാം വിമോചന സമരത്തിന് ആഹ്വാനം നടത്തിയിട്ടില്ല. കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയ ജനമുന്നേറ്റമായിരുന്നു വിമോചന സമരമെന്നും മന്നത്ത് പത്മനാഭന്റെ നേതൃത്വം സമരത്തിന് ശക്തിപകർന്നതായും മാർ ജോസഫ് പവ്വത്തിൽ കൂട്ടിച്ചേർത്തു. 1957-ൽ അധികാരത്തിൽവന്ന കമ്യൂണിസ്റ്റ് സർക്കാരിന്റെ സർവാധിപത്യസ്വഭാവം മറനീക്കി പുറത്തുവന്നപ്പോഴാണ് വിമോചന സമരം പൊട്ടിപ്പുറപ്പെട്ടത്. വിദ്യാഭ്യാസരംഗം കൈയടക്കിക്കൊണ്ട് എല്ലാരംഗത്തും അരാജകത്വം സൃഷ്ടിച്ച അന്നത്തെ കമ്യൂണിസ്റ്റ് സർക്കാരിന്റെ തുടർച്ചയാണ് ഇപ്പോഴുള്ള സർക്കാരെന്ന പ്രഖ്യാപനമാണ് കണ്ടുവരുന്നത്. കോടതികളെപ്പോലും ധിക്കരിച്ച സെൽഭരണത്തിനെതിരേയും ജനദ്രോഹ നടപടികൾക്കെതിരേയുമാണ് ജനമുന്നേറ്റമുണ്ടായത്. വിദ്യാഭ്യാസത്തിനുമേൽ അന്നത്തെ സർക്കാർ കൈവച്ചതുപോലെയുള്ള നീക്കമാണ് ഈ സർക്കാരും നടത്തുന്നത്. രണ്ടാം മുണ്ടശേരിയെന്ന നിലയിലുള്ള പ്രവർത്തനമാണ് വിദ്യാഭ്യാസമന്ത്രി നടത്തുന്നത്. വിമോചന സമരത്തെ വികലമായി ചിത്രീകരിച്ചു തെറ്റിദ്ധാരണകൾ പരത്താനും സമരത്തിന് നേതൃത്വം നൽകിയവരെ അപകീർത്തിപ്പെടുത്താനും ശ്രമങ്ങൾ നടന്നുവരികയാണ്. ചില രാഷ്ട്രീയ പാർട്ടികളും ചില മാധ്യമങ്ങളും ഇക്കാര്യത്തിൽ പുലർത്തുന്ന സമീപനം തെറ്റിദ്ധാരണാജനകമാണ്. തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ പിരിച്ചുവിട്ട നെഹ്റു സർക്കാരിന്റെ നടപടി ശരിയല്ലെന്നു പറയുന്നവർ ജനാധിപത്യത്തെയും ഭരണഘടനയെയുമാണ് ചോദ്യം ചെയ്യുന്നത്. സമൂഹത്തിന്റെ ഓർമകളെ മാറ്റിമറിച്ചു ചിന്തകളെ വഴിതെറ്റിക്കാനാണ് ഇക്കൂട്ടർ ശ്രമിക്കുന്നത്. ജനവിരുദ്ധമായ സർക്കാരിനെതിരേ ചെയ്യേണ്ടതു മാത്രമേ അന്ന് കേന്ദ്ര സർക്കാർ ചെയ്തിട്ടുള്ളൂ. മനുഷ്യാവകാശങ്ങളെയും മതവിശ്വാസങ്ങളെയും സംരക്ഷിക്കാൻ നാം ജാഗ്രതപുലർത്തണമെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു.ലോക ചരിത്രത്തിലെ മാതൃകാപരമായ ജനമുന്നേറ്റമായിരുന്നു വിമോചന സമരമെന്ന് മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു. വിമോചന സമരങ്ങൾ അവസാനിക്കുന്നില്ലെന്നും തിന്മ ഉയരുന്നിടത്ത് വിമോചന സമരങ്ങൾ

ഉണ്ടാകണമെന്നും മാർ പെരു ന്തോട്ടം അഭിപ്രായപ്പെട്ടു. ഇക്കാലത്ത് വിമോചന സമരത്തെ ഓർക്കുന്നതു പ്രസക്തമാണെന്നും മാർ ജോസഫ് പെരുന്തോട്ടം അഭിപ്രായപ്പെട്ടു. അതിരൂപതാ വികാരി ജനറാൾ മോൺ. മാത്യു വെള്ളാനിക്കൽ മൺമറഞ്ഞ വിമോചനസമരസേനാനികളെ അനുസ്മരിച്ചു. സി.എഫ് തോമസ് എംഎൽഎ, ഡോ.എം.ജി.എസ് നാരായണൻ, റവ.ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ, ജോൺ കച്ചിറമറ്റം, പ്രഫ. കെ.കെ ജോൺ, ഫാ.തോമസ് തുമ്പയിൽ, ഡോ.പി.സി അനിയൻകുഞ്ഞ്, പ്രഫ.കെ.ടി സെബാസ്റ്റ്യൻ, ടോമിച്ചൻ അയ്യരുകുളങ്ങര, സൈബി അക്കര എന്നിവർ പ്രസംഗിച്ചു. വിമോചന സമരസാരഥികളായ റോസമ്മ ചാക്കോ, അഡ്വ.കെ.ജെ ജോൺ എന്നിവർ മറുപടി പ്രസംഗങ്ങൾ നടത്തി.വിമോചന സമരത്തിൽ രക്തസാക്ഷിത്വംവരിച്ച തുരുത്തി സെന്റ് മേരീസ് ഇടവകാംഗമായ പുത്തൻപുരയ്ക്കൽ ആന്റണി സ്കറിയായുടെ കബറിടത്തിൽനിന്ന് തുരുത്തി എകെസിസി ശാഖയുടെ നേതൃത്വത്തിൽ നടന്ന ദീപശിഖാ പ്രയാണം സമ്മേളന നഗറിൽ എത്തിയതോടെയാണ് ജൂബിലി സമ്മേളനത്തിനു തുടക്കം കുറിച്ചത്.

## 05. വിശ്വാസജീവിതത്തിലധിഷ്ഠിതമാകണം യുവജനപ്രവർത്തനങ്ങൾ: മാർ പുന്നക്കോട്ടിൽ

അധാർമികതയുടെ ലോകത്തിൽ വിശ്വാസത്തിന്റെ തിരിനാളം തെളിയിക്കാനും സമൂഹത്തിൽ നന്മയുടെ വക്താക്കളാകാനും യുവജനങ്ങൾ മുന്നിട്ടിറങ്ങണമെന്ന് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ മാർ. ജോർജ് പുന്നക്കോട്ടിൽ ആഹ്വാനം ചെയ്തു. കെസി.വൈ.എം. ന്റെ 31-ാമത് സംസ്ഥാന അർധവാർഷിക സെനറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂവാറ്റുപുഴ ജീവജ്യോതി പാസ്റ്ററൽ സെന്ററിൽ ചേർന്ന സെനറ്റ് യോഗത്തിൽ കോതമംഗലം ബിഷപ്പ് മാർ. ജോർജ് പുന്നക്കോട്ടിൽ തിരിതെളിച്ച് സെനറ്റിന് തുടക്കം കുറിച്ചു. സംസ്ഥാന പ്രസിഡന്റ് ജോസഫ് തോമസ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂർ, ജനറൽ സെക്രട്ടറി സന്തോഷ് അറയ്ക്കൽ, ജെയ്സ് വാട്ടപ്പിള്ളിൽ, ഡോ. ജോസഫ് കൊച്ചുപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

## 06. തൊഴിലാളി കൂട്ടായ്മ കാലഘട്ടത്തിന്റെ ആവശ്യം: ബിഷപ് മാർ പോൾ ചിറ്റിലപ്പിള്ളി

തൊഴിലാളികളുടെ കൂട്ടായ്മ കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് താമരശേരി രൂപത ബിഷപ് മാർ പോൾ ചിറ്റിലപ്പിള്ളി. സംഘടിതതൊഴിലാളികൾ തങ്ങളുടെ തൊഴിലിന്റെ ശരിയായ മൂല്യം തിരിച്ചറിയണം. അവകാശങ്ങൾക്കൊപ്പം അധ്യാത്മികമായ വളർച്ചയ്ക്കും മുൻതൂക്കം നൽകണം. കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് പി.എം.ഒ.സിയിൽ നടക്കുന്ന ത്രിദിന വൈദിക സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ് മാർ പോൾ ചിറ്റിലപ്പിള്ളി. ചടങ്ങിൽ കെസിബിസി ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോസ് പൊരുന്നേടം അധ്യക്ഷത വഹിച്ചു. കെസിബിസി ലേബർ കമ്മീഷൻ സെക്രട്ടറി ഫാ.ജെയ്സൺ വടശേരി ആമുഖപ്രഭാഷണം നടത്തി. കെ.എൽ.എം കോഴിക്കോട് രൂപത സെക്രട്ടറി ഫാ.സെബാസ്റ്റ്യൻ കാരക്കാട്ട്, കെ.എൽ.എം സെക്രട്ടറി ശൂരനാട് ഗ്രിഗറി തുടങ്ങിയവർ ആശംസകളർപ്പിച്ചു.കെ.എൽ.എം സോണൽ ഡയറക്ടർ ഫാ.ജോസഫ് മാത്യു സ്വാഗതവും കെ.എൽ.എം സെക്രട്ടറി ജൂഡ് സെക്വര നന്ദിയും പറഞ്ഞു.തുടർന്ന് കേരള ലേബർ മൂവ്മെന്റ്, ഒരു ആമുഖം എന്നവിഷയത്തിൽ കെ.എൽ.എം പ്രസിഡന്റ് ജോസഫ് ജൂഡ് ക്ലാസെടുത്തു.

## 07. ശിഹാബ് തങ്ങൾ മതസൗഹാർദ സന്ദേശം പകർന്ന വ്യക്തി : കെസിബിസി ജാഗ്രതാസമിതി

പാണക്കാട് ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ കെസിബിസി ജാഗ്രതാസമിതി അനുശോചിച്ചു. കേരളത്തിലെ സാമുദായിക സൗഹാർദത്തിനുവേണ്ടി എക്കാലവും നിലകൊണ്ട അദ്ദേഹത്തിന്റെ ദേഹവിയോഗം കേരളീയർക്ക് തീരാനഷ്ടമാണെന്നും കെസിബിസി ജാഗ്രതാസമിതി ഭാരവാഹികൾ അറിയിച്ചു. മതസൗഹാർദത്തിന്റെ മഹനീയ മാതൃകയെയാണ് പാണക്കാട് ശിഹാബ് തങ്ങളുടെ നിര്യാണത്തിലൂടെ നഷ്ടമായതെന്ന് കെസിബിസി ജാഗ്രതാ സമിതി സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു.